ഭാരതീയ സുപ്രീം കോടതി

സിവിൽ അപ്പീൽ അധികാരിത

സിവിൽ അപ്പീൽ നമ്പർ 1491/2023

(സ്പെഷ്യൽ ലീവ് പെറ്റീഷൻ (സി) നമ്പർ 22557/2019 നിന്ന് ആവിർഭവിച്ചത്)

സിറാജുദ്ധീൻ ..... **അപ്പീൽ വാദി (കൾ)**

വേഴ്സ്സ്

സീനത്തും മറ്റുള്ളവരും ..... **എതിർകക്ഷി (കൾ)**

വിധിന്യായം

DINESH MAHESHWARI, J.

1. അപ്പീൽ നൽകുവാനുള്ള അപേക്ഷ അനുവദിച്ചു.

2. 2014 ലെ ആർ എഫ് എ നമ്പർ 247 ന് ബന്ധപ്പെട്ട് കേരള ഹൈക്കോടതി, എറണാകുളം 28.06.2019 - ൽ പാസാക്കിയ പൊതു വിധിന്യായത്തിനും ഉത്തരവിനും എതിരെയാണ് ഈ അപ്പീൽ, അതിലൂടെ ഒരു തീറാധാരം റദ്ദാക്കാനും നിരോധന ഉത്തരവിനുമായി അവരുടെ കേസ് തള്ളിയതിനെതിരെ അന്യായക്കാരി (ഇവിടെ ഒന്നാം എതിർകക്ഷി) നൽകിയ അപ്പീൽ അന്യായത്തിന്റെ ശരിയായ നിർണ്ണയത്തിന് ആവശ്യമായ തെളിവുകൾ രേഖയിൽ കൊണ്ടുവന്നിട്ടില്ലെന്ന നിരീക്ഷണങ്ങളോടെ, പുനർ വിചാരണക്ക് ശേഷം, അന്യായം വീണ്ടും തീരുമാനിക്കാൻ വിചാരണ കോടതിയിലേക്കുള്ള നിർദ്ദേശങ്ങളോടെ തീർപ്പാക്കി.

3. 28.06.2019-ലെ അപവദിത പൊതു വിധിന്യായത്തിലും ഉത്തരവിലും, നാല് വ്യത്യസ്ത സിവിൽ അന്യായങ്ങളിൽ നിന്ന് ഉയർന്നുവരുന്ന നാല് അപ്പീലുകളാണ് ഹൈക്കോടതി തീർപ്പാക്കിയത്, എന്നാൽ അവ ഒരേ പ്രതിയോഗി കക്ഷികളുമായി ബന്ധപ്പെട്ടതും പരസ്പര ബന്ധമുള്ള പ്രശ്നങ്ങളും ഉൾപ്പെട്തുമാണ്. നിലവിലെ അപ്പീൽ ഹൈക്കോടതിയിലെ അപ്പീലുകളിലൊന്നുമായി ബന്ധപ്പെട്തതാണ്, അത് കരുനാഗപ്പള്ളിയിലെ സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയിലെ 2012 ലെ ഒഎസ് നമ്പർ 293 (യഥാർത്ഥത്തിൽ കൊല്ലം സബോർഡിനേറ്റ് ജഡ്ജിയുടെ കോടതിയിലെ, 2006-ലെ ഒഎസ് നമ്പർ 390)-ൽ നിന്ന് നിന്ന് ഉയർന്നുവന്ന 2014-ലെ ആർ എഫ് എ നമ്പർ 247 ആണ്. എന്നാൽ, വസ്തുതകളുടെ ശരിയായ ഗ്രാഹ്യത്തിന്, പ്രസ്തുത നാല് സിവിൽ സ്യൂട്ടുകളുടെയും അതിലെ കണ്ടെത്തലുകളുടെയും വിഷയത്തെക്കുറിച്ചുള്ള ഒരു ഹ്രസ്വ പരാമർശം അനുയോജ്യമാണ്. പ്രസക്തമായ വസ്തുതകളും പശ്ചാത്തല വശങ്ങളും ചുരുക്കത്തിൽ ഇനിപ്പറയുന്ന രീതിയിൽ ശ്രദ്ധിക്കാവുന്നതാണ്:

3.1. ഒന്നാം എതിർകക്ഷി, നിലവിലെ വിഷയമായ സിവിൽ അന്യായം (2012 ലെ ഒഎസ് നമ്പർ 293) നിലവിലെ അപ്പീൽ വാദിയെ ഒന്നാം പ്രതി എന്ന നിലയിലും, അവരുടെ സഹോദരിമാർ, 2 മുതൽ 5 വരെയുള്ള മറ്റ് പ്രതികൾ എന്ന നിലയിലും, 15.03.2006 ന് കരുനാഗപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ 2006 ലെ 285 നമ്പറായി രജിസ്റ്റർ ചെയ്ത ഒരു തീറാധാരം റദ്ദാക്കാൻ വേണ്ടി ഫയൽ ചെയ്തു.

3.2. അന്യായ പട്ടിക വസ്തു, കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളി താലൂക്കിൽ, കുലശേഖരപുരം പഞ്ചായത്തിലെ ആദിനാട് വില്ലേജിലെ ബ്ലോക്ക് നമ്പർ 5, റീ സർവ്വേ നമ്പർ 551/3-ൽ ഉൾപ്പെട്ട 54 ആർസ് 90 ചതുരശ്ര അടി മീറ്റർ ഉൾപ്പെടുന്ന ഭൂമിയും അതിന്മേലുള്ള സിനിമാ തിയേറ്റർ കെട്ടിടവും യഥാർത്ഥത്തിൽ എതിർകക്ഷികളുടെ പിതാവിന്റെ ഉടമസ്ഥതയിലായിരുന്നു; അദ്ദേഹത്തിന്റെ മരണശേഷം, എതിർകക്ഷികളും അവരുടെ അമ്മയും 2003-ലെ നമ്പർ 291-ൽ ഒരു ഭാഗപത്ര ആധാരം നടത്തി, അതിലൂടെ അന്യായ പട്ടിക വസ്തു എതിർകക്ഷികൾ കൂട്ടായ കൈവശത്തിലും ആസ്വാദനത്തിലും വയ്ക്കുകയും ചെയ്തു. പ്രസ്തുത സിനിമാ തിയേറ്ററിന്റെ നടത്തിപ്പിനായി എതുകക്ഷികൾകൾക്കിടയിൽ ഒരു പങ്കാളിത്ത കരാർ പ്രമാണം നടപ്പാക്കുകയും ചെയ്തിട്ടുണ്ട്,

കൂടാതെ ഒന്നാം എതിർകക്ഷിയുടെ ഭർത്താവ് പങ്കാളികൾക്ക് വേണ്ടി 'തരംഗം തിയേറ്റർ' എന്ന് പേരുള്ള സിനിമാ തിയേറ്റർ കൈകാര്യം ചെയ്യുകയായിരുന്നു.

3.3. അന്യായക്കാരി- ഒന്നാം എതുകക്ഷിയുടെ കേസ് പ്രകാരം, 15.03.2006-ൽ ഒരു സിനിമാ വിതരണക്കാരന് അനുകൂലമായ ഒരു സുരക്ഷാ കരാർ പ്രമാണം നിർവ്വഹിക്കുന്നതിന് കരുനാഗപ്പള്ളി സബ് രജിസ്ട്രാർ ഓഫീസിൽ എത്താൻ 3, 5 എതിർകക്ഷികളുടെ ഭർത്താക്കന്മാർ അവരോട് ആവശ്യപ്പെട്ടു; തന്റെ ഭർത്താവ് സ്ഥലത്തില്ലാത്തതിനാൽ അത്തരം പ്രമാണം നടപ്പാക്കുന്നത് മാറ്റിവയ്ക്കണമെന്ന് അവർ അഭ്യർത്ഥിച്ചെങ്കിലും, പ്രസ്തുത സുരക്ഷാ കരാർ പ്രമാണം ആ പ്രത്യേക ദിവസത്തിൽ തന്നെ നടത്തണമെന്നും അല്ലെങ്കിൽ സിനിമാ തിയേറ്ററിന്റെ പ്രവർത്തനത്തെ ബാധിക്കുമെന്നും 3, 5 എതിർകക്ഷികളുടെ ഭർത്താക്കന്മാർ ശഠിച്ചു. ഒന്നാം എതിർകക്ഷിക്ക് അവരിൽ അങ്ങേയറ്റം വിശ്വാസവും ഉറപ്പും ഉണ്ടായിരുന്നതിനാൽ, അവൾ സബ് രജിസ്ട്രാർ ഓഫീസിലെത്തി, അവർ ആവശ്യപ്പെട്ട പ്രകാരം പ്രമാണത്തിൽ ഒപ്പ് ഇട്ടു. 15.09.2006-ൽ, ഒന്നാം എതിർകക്ഷി സിനിമാ തിയേറ്ററിന്റെ കണക്കുകളെക്കുറിച്ച് അഞ്ചാം എതിർകക്ഷിയോട് അന്വേഷിച്ചപ്പോൾ, പ്രസ്തുത വസ്തുവിലെ അവരുടെ പങ്ക് അവകാശം ഇതിനകം വിറ്റുപോയതായി അറിയിച്ചു. അതു കേട്ടപ്പോൾ, 15.03.2006-ൽ നടപ്പാക്കിയ രേഖയുടെ ഒരു പകർപ്പ് വാങ്ങുന്നതിനായി ഒന്നാം എതിർകക്ഷി സബ് രജിസ്ട്രാറുടെ ഓഫീസിലേക്ക് ഓടിച്ചെന്നു, അത് പരിശോധിച്ചപ്പോൾ, ഒരു തീറാധാരത്തിലാണ് അല്ലാതെ അവരോട് നേരത്തെ പറഞ്ഞതുപോലെ ഒരു സുരക്ഷാ കരാർ പ്രമാണത്തിലല്ല ഒപ്പിടാൻ പ്രേരിപ്പിച്ചതെന്ന് അവൾ മനസ്സിലാക്കി. കൂടാതെ, അവൾക്ക് ഒരു തീറർത്ഥവും ലഭിച്ചിട്ടില്ല, അതിനാൽ പറഞ്ഞ തീറാധാരം അസാധുവായിരുന്നു, അത് മൊത്തത്തിൽ അസാധുവായിരുന്നു.

3.4. മേൽപ്പറഞ്ഞ അന്യായം പ്രതികൾ യഥാവിധി വാദിച്ചു. തർക്ക വിഷയങ്ങൾ രൂപപ്പെടുത്തിയതിനു ശേഷം, കക്ഷികൾ രേഖാമൂലവും വാക്കാലും ഉള്ള തെളിവുകളും ഹാജരാക്കി, അവിടെ അന്യായക്കാരി - ഒന്നാം എതുകക്ഷിക്കു വേണ്ടി, അവരുടെ ഭർത്താവിനെ പിഡബ്ല്യു-1 ആയും അവരുടെ ഭർത്താവിന്റെ ഒരു ബന്ധുവിനെ പിഡബ്ല്യു-2 ആയും വിസ്തരിച്ചു; മറുവശത്ത്, പ്രതികളുടെ തെളിവുകളിൽ, നിലവിലെ അപ്പീൽവാദിയെ ഡിഡബ്ല്യു-1 ആയും, 4-ാം

എതിർകക്ഷിയുടെ ഭർത്താവിനെ ഡിഡബ്ല്യു-2 ആയും വിസ്തരിച്ചു.

3.5. 2012-ലെ ഒഎസ് നമ്പർ 293 സിവിൽ അന്യായത്തിന് പുറമെ, അന്യായക്കാരി- ഒന്നാം എതുകക്ഷി നിരോധന ഉത്തരവിനായി 2012 ലെ ഒഎസ് നമ്പർ 238 ആയി രജിസ്റ്റർ ചെയ്തിട്ടുള്ള മറ്റൊരു സിവിൽ അന്യായവും ഫയൽ ചെയ്തു. ഈ രണ്ട് സിവിൽ അന്യായങ്ങളും 2012 ലെ ഒഎസ് നമ്പർ 293 ഉം, 2012 ലെ ഒഎസ് നമ്പർ 238 ഉം ആയതിനാൽ വിചാരണ കോടതി, 28.01.2014 ലെ പൊതു വിധിന്യായത്തിൽ ഒരുമിച്ചാണ് തീരുമാനിച്ചത്. രേഖയിലുള്ള തെളിവുകൾ പരിശോധിച്ച ശേഷം, മറ്റ് കാര്യങ്ങൾക്കൊപ്പം, രേഖയിൽ പറഞ്ഞ സാഹചര്യങ്ങൾ, പുതിയ സിനിമകൾ ലഭിക്കുന്നതിനുള്ള ഒരു സുരക്ഷാ കരാർ രേഖയാണെന്ന് അവളെ വിശ്വസിപ്പിച്ചു വഞ്ചിച്ചതിലൂടെ അവരുടെ സഹോദരിമാരുടെ ഭർത്താക്കന്മാർ തീറാധാരം (അക്കപ്രമാണം-എ-1) നടപ്പാക്കി, എന്നതിന്റെ സാധ്യത വ്യക്തമാകുന്നില്ലെന്ന കണ്ടെത്തലുകളോടെ അന്യായക്കാരി - ഒന്നാം എതുകക്ഷിയുടെ കേസ് വിചാരണ കോടതി നിരസിച്ചു. തീറാധാരം രജിസ്റ്റർ ചെയ്ത സബ് രജിസ്ട്രാറെ പരിശോധിക്കാൻ അന്യായക്കാരി - ഒന്നാം എതുകക്ഷി നടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് വിചാരണ കോടതി കണ്ടെത്തി. 1872 ലെ ഇന്ത്യൻ തെളിവ് നിയമം [1] വകുപ്പ് 103 പ്രകാരം തെളിവുബാധ്യത ഒഴിവാക്കുന്നതിൽ അവൾ പരാജയപ്പെട്ടു. കൂടുതൽ വിശദീകരിക്കാതെ, വിചാരണ കോടതിയുടെ പ്രസക്തമായ കണ്ടെത്തലുകൾ നമുക്ക് താഴെപ്പറയുന്ന രീതിയിൽ കണക്കിലെടുക്കാം : -

> "22.....അതിനാൽ മേൽപ്പറഞ്ഞ സാഹചര്യം അന്യായക്കാരിയുടെ ഭാഗത്തുനിന്ന് ഡി 3, ഡി 5 എന്നിവരുടെ ഭർത്താക്കന്മാർ അവളെ വഞ്ചിച്ചുകൊണ്ട് ഒരു വിതരണക്കാരനിൽ നിന്ന് പുതിയ സിനിമകൾ ലഭിക്കുന്നതിനുള്ള ഒരു സുരക്ഷാ കരാർ രേഖയായിരുന്നു എന്ന് അവളെ വിശ്വസിപ്പിച്ചുകൊണ്ട് അക്കപ്രമാണം-എ-1 നിർവ്വഹിക്കുന്നതിൽ വിജയിച്ചു എന്നാരോപിച്ചു ഫയൽ ചെയ്ത കേസ് ഒരിക്കലും സംഭവ്യമാക്കുന്നില്ല.....
>
> *** *** ***
>
> 24. അക്കപ്രമാണം-എ-1, അവൾക്ക് വിശ്വാസമുള്ള വ്യക്തികൾ തന്നിൽ ചെലുത്തിയ വഞ്ചന, അനാവശ്യ സ്വാധീനം, ബലപ്രയോഗം എന്നിവയുടെ

1 ഇനിമേൽ 'തെളിവ് നിയമം' എന്ന് പരാമർശിക്കുന്നു

ഫലമാണെന്ന് അന്യായക്കാരിക്ക് കേസ് ഉണ്ടെങ്കിലും, ഇന്ത്യൻ തെളിവ് നിയമം വകുപ്പ് 103 പ്രകാരം തെളിവുബാധ്യത അവരുടെ മേൽ ഉണ്ടെങ്കിലും, ഡി 3, ഡി 5 എന്നിവർക്കു തുല്യമായി പുതിയ സിനിമകൾ ലഭിക്കുന്നതിനുള്ള സുരക്ഷാ കരാർ പ്രമാണമായി പരാതിക്കാരി തന്റെ ഒപ്പ് ഇട്ടിരിക്കുന്ന അക്കപ്രമാണം-എ-1 തീറാധാരം രജിസ്റ്റർ ചെയ്ത രജിസ്ട്രാറെ പരിശോധിക്കാൻ അന്യായക്കാരിയുടെ ഭാഗത്തുനിന്ന് നടപടികളൊന്നും ഉണ്ടായിട്ടില്ല. അതിനാൽ ലഭ്യമായ തെളിവുകളിൽ നിന്ന് എന്റെ അഭിപ്രായത്തിൽ ഡി 1-ന് അനുകൂലമായി അന്യായക്കാരി സ്വമേധയാ നടപ്പിലാക്കിയതിനാൽ അക്കപ്രമാണം-എ-1 തീറാധാരം റദ്ധാക്കാൻ കഴിയില്ല. അതിനാൽ ഈ തർക്കങ്ങൾ അന്യായക്കാരിക്കെതിരെയുള്ളതായി ഞാൻ കാണുന്നു.

3.6. മേൽപ്പറഞ്ഞ കാര്യങ്ങൾ കണക്കിലെടുത്ത്, 2012 ലെ ഒഎസ് നമ്പർ 293 ഉം 2012 ലെ ഒഎസ് നമ്പർ 238 ഉം ആയ രണ്ട് സിവിൽ അന്യായങ്ങളും, കക്ഷികൾക്ക് അവരവരുടെ ചെലവുകൾ വഹിക്കാൻ വിട്ടുകൊടുത്തുകൊണ്ട്, വിചാരണ കോടതി തള്ളി.

3.7. 2007 ലെ ഒഎസ് നമ്പർ 181, 2006 ലെ ഒഎസ് നമ്പർ 497 എന്നിങ്ങനെ വേറെയും രണ്ട് സിവിൽ അന്യായങ്ങളും ഉണ്ടായിരുന്നു, അവ നിലവിലെ അപ്പീലിലെ 2 മുതൽ 5 വരെയുള്ള എതിർകക്ഷികൾ (ഒന്നാം എതിർകക്ഷിയുടെ സഹോദരിമാർ) യഥാക്രമം ഒരു വശത്ത് തിയേറ്ററും ഭൂമിയും മറുവശത്ത് ഷോപ്പിംഗ് കോംപ്ലക്സും സംബന്ധിച്ച ഭാഗംവെപ്പ് ആവശ്യപ്പെട്ട് ഫയൽ ചെയ്തു. ഒന്നാം എതിർകക്ഷിയുടെ നാല് സഹോദരിമാർ ഫയൽ ചെയ്ത ഭാഗംവെപ്പിനായുള്ള ഈ സിവിൽ അന്യായങ്ങൾ, വിചാരണ കോടതി വിധി പറഞ്ഞു.

3.8. മേൽ നിരീക്ഷണങ്ങൾ പ്രകാരം, തീറാധാരം റദ്ദാക്കുന്നതിനും നിരോധന ഉത്തരവിനുമായി അന്യായക്കാരി - ഒന്നാം എതുകക്ഷി ഫയൽ ചെയ്ത രണ്ട് സിവിൽ അന്യായങ്ങൾ തള്ളിയപ്പോൾ, അവരുടെ സഹോദരിമാർ ബന്ധപ്പെട്ട സ്വത്തുക്കൾ ഭാഗംവെപ്പ് ആവശ്യപ്പെട്ട് നൽകിയ മറ്റ് രണ്ട് സിവിൽ അന്യായങ്ങൾ ഉത്തരവായി എന്നതാണ് ഇതിന്റെ ആകെ ഫലം. 2012 ലെ ആർ എഫ്

എ നമ്പർ 96 (2006 ലെ ഒഎസ് നമ്പർ 497 മായി ബന്ധപ്പെട്ടത്), 2010 ലെ ആർ എഫ് എ നമ്പർ 287 (2007 ലെ ഒഎസ് നമ്പർ 181 മായി ബന്ധപ്പെട്ടത്), 2014 ലെ ആർ എഫ് എ നമ്പർ 238 (2012 ലെ ഒഎസ് നമ്പർ 238 ന് ബന്ധപ്പെട്ടത്), 2014 ലെ ആർ എഫ് എ നമ്പർ 247 (2012 ലെ ഒഎസ് നമ്പർ 293 ന് ബന്ധപ്പെട്ടത്) എന്നിങ്ങനെ നാല് അപ്പീലുകൾ മുഖേന ഈ നാല് തീരുമാനങ്ങളും ഒന്നാം എതിർകക്ഷി ഹൈക്കോടതിയിൽ ചോദ്യം ചെയ്തു. ഈ നാല് അപ്പീലുകളും ഹൈക്കോടതി 28.06.2019 ലെ പൊതു വിധിന്യായത്തിലും ഉത്തരവിലും ഒരുമിച്ച് തീർപ്പാക്കി.

4. ശ്രദ്ധിച്ചതുപോലെ, ഇപ്പോഴത്തെ അപ്പീൽ 2014-ലെ ആർ എഫ് എ നമ്പർ 247-ന് മാത്രം ബന്ധപ്പെട്ടതാണ് (2012-ലെ ഒഎസ് നമ്പർ 293 ന് ബന്ധപ്പെട്ടത്). അതിനാൽ, നാല് സിവിൽ അന്യായങ്ങളുടെയും ഹൈക്കോടതിയുടെ അതത് കണ്ടെത്തലുകളുടെയും വസ്തുതാപരമായ എല്ലാ വശങ്ങളും വിപുലീകരിക്കുന്നത് നിലവിലെ ആവശ്യത്തിന് നേരിട്ട് പ്രസക്തമായിരിക്കില്ല, പക്ഷേ അവ പരസ്പര ധാരണയുള്ള കാര്യങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നതിനാലും അപ്പീലുകൾ പൊതു വിധിന്യായത്തിലൂടെ തീർപ്പാക്കിയതുമാണ്, ഹൈക്കോടതിയുടെ വീക്ഷണങ്ങൾ മനസ്സിലാക്കുന്നതിന്, അപവദിത വിധിന്യായത്തിലെ കണ്ടെത്തലുകളുടെ ഒരു ചെറിയ കുറിപ്പ് എടുക്കുന്നത് ലാഭകരമാണ്.

4.1. അഞ്ച് സഹോദരിമാർ, അതായത്, ഒന്നാം എതിർകക്ഷി, എതിർകക്ഷി 2 മുതൽ 4 വരെ പേർ, പങ്കാളിത്ത ക്രമീകരണത്തിൽ പ്രവേശിച്ചതിനു ശേഷം ഭൂമിയിലുള്ള തിയേറ്റർ, ഭൂമിയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ്, എന്നിങ്ങനെയുള്ള തർക്ക വസ്തുവിന്റെ സ്വഭാവം സംബന്ധിച്ചാണ് അപ്പീലുകളിൽ നിർണയിക്കുന്നതിനുള്ള പൊതുവായ പ്രശ്നം എന്ന് ഹൈക്കോടതി നിരീക്ഷിച്ചു. ഭാഗംവെപ്പിന് കീഴിൽ അവർ നേടിയ വസ്തുക്കൾ പങ്കാളിത്ത രൂപീകരണത്തിന് ശേഷം പങ്കാളിത്ത ആസ്തികളുടെ സ്വഭാവം നേടിയെടുക്കുമോ എന്ന ചോദ്യത്തിന് ഹൈക്കോടതി ഊന്നൽ നൽകി; ഒരു വസ്തു എങ്ങനെയാണ് ഒരു പങ്കാളിത്ത ആസ്തിയായി പ്രത്യക്ഷമായോ പെരുമാറ്റത്തിലൂടെയോ കൊണ്ടുവരുന്നത് എന്നതിനെക്കുറിച്ചുള്ള തത്വങ്ങൾ ശ്രദ്ധിക്കുകയും ചെയ്തു. ഒരു പങ്കാളിത്ത ബിസിനസ്സിന് പങ്കാളികളുടെ പ്രത്യേക സ്വത്തുക്കൾ ഉപയോഗിച്ചതുകൊണ്ടുമാത്രം, സ്വത്തുക്കൾ പങ്കാളിത്ത ആസ്തികളായി മാറുമെന്ന അനുമാനം ഉണ്ടാകില്ലെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അഞ്ച് സഹോദരിമാർ സംയുക്തമായി നടപ്പിലാക്കിയ 10.11.2004, 17.01.2004 തീയതികളിലെ മറ്റ് രണ്ട്

തീറാധാരങ്ങളും, പങ്കാളിത്ത കരാറിന്റെ പ്രമാണ പ്രസക്തമായ വ്യവസ്ഥകൾ കൈകാര്യം ചെയ്ത ശേഷം, ഭാഗംവെപ്പ് വഴി ഈ അഞ്ച് സഹോദരിമാർ നേടിയ സ്വത്തുക്കൾ അവരുടെ കൂട്ടുസ്വത്തായി തുടർന്നുവെന്ന് ഹൈക്കോടതി ആത്യന്തികമായി വിധിച്ചു. അതിനാൽ, സ്വത്തുക്കൾ കൂട്ടുസ്വത്തുക്കളായി ഹൈക്കോടതി കണക്കാക്കുകയും തൽഫലമായി, 2006 ലെ ഒഎസ് നമ്പർ 497, 2007 ലെ ഒഎസ് നമ്പർ 181 എന്നിവയുമായി ബന്ധപ്പെട്ടുള്ള വിചാരണ കോടതിയുടെ വിധിന്യായവും ഉത്തരവും ശരിവച്ചു. ഹൈക്കോടതി താഴെ പറയുന്നതുപോലെ നിരീക്ഷിച്ചു:-

> "13. വസ്തുക്കൾ കൂട്ടുസ്വത്തുക്കളായി നിലനിർത്തികൊണ്ട്, വസ്തുക്കളുടെ ഭാഗംവെപ്പിനായുള്ള അന്യായങ്ങൾ ഒഎസ് 497/06, ഒഎസ് 181/07 എന്നിവ വിധി പ്രസ്താവിക്കേണ്ടതാണ്. വിചാരണക്കോടതിയുടെ വിധിന്യായവും വിധിയും ശരി വെക്കേണ്ടത് മാത്രമാണ്, ഞാൻ അങ്ങനെ ചെയ്യുന്നു."

4.2. ഒന്നാം എതിർകക്ഷി, ഫയൽ ചെയ്ത രണ്ട് സിവിൽ അന്യായങ്ങളിലേക്ക് തിരികെ പോവുമ്പോൾ, ഹൈക്കോടതി, ആദ്യം, 2012 ലെ ഒഎസ് നമ്പർ 238 പരാമർശിച്ചു, അതിൽ അന്യായക്കാരി - ഒന്നാം എതുകക്ഷി, പ്രതികൾക്കെതിരെ നിരോധന ഉത്തരവ് അവകാശപ്പെട്ടു. മറ്റ് പങ്കാളികൾക്കെതിരെ സ്ഥാപനത്തിന്റെ പങ്കാളി എന്ന നിലയിൽ അവൾ ഈ നിവൃത്തി അവകാശപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടു. ഈ പങ്കാളിത്തം രജിസ്റ്റർ ചെയ്യപ്പെടാത്ത ഒന്നാണെന്നും അതിനാൽ, 1932 ലെ ഇന്ത്യൻ പാർട്ണർഷിപ്പ് ആക്ട് വകുപ്പ് 69(1) പ്രകാരം ഈ അന്യായം തടഞ്ഞുവെന്നും ഹൈക്കോടതി നിരീക്ഷിച്ചു. അതിനാൽ, ഈ അന്യായം (2012 ലെ ഒഎസ് നമ്പർ 238) തള്ളിക്കൊണ്ടുള്ള വിചാരണ കോടതിയുടെ ഉത്തരവ് സ്ഥിരീകരിച്ചു.

5. മേൽപ്പറഞ്ഞ മൂന്ന് സിവിൽ അന്യായങ്ങൾ കൈകാര്യം ചെയ്ത ശേഷം, ഹൈക്കോടതി 2012 ലെ ഒഎസ് നമ്പർ 293-ൽ ഉൾപ്പെട്ട ചോദ്യങ്ങൾ പരാമർശിക്കുകയും തീറാധാരം റദ്ദാക്കുന്നതിന് നിവൃത്തി അവകാശപ്പെട്ടതിന്റെ അടിസ്ഥാനം കണക്കിലെടുക്കുകയും ചെയ്തു. ഹൈക്കോടതി തർക്കത്തിന്റെ അടിസ്ഥാനങ്ങൾ ഇങ്ങനെ സംഗ്രഹിച്ചു: -

> "17. ആർ എഫ് എ 247/14 – ൽ നിന്ന് ഉത്ഭവിക്കുന്ന ഒഎസ് 293/12-ൽ, അക്കപ്രമാണം-എ-1 തീറാധാരം റദ്ദാക്കുന്നതിനാണ് നിവൃത്തി അവകാശപ്പെടുന്നത്. തീറാധാരം റദ്ദാക്കുന്നതിന് ആവശ്യപ്പെടുന്ന അടിസ്ഥാനങ്ങൾ ഇവയാണ്: -
>
> (എ) പ്രോപ്പർട്ടി ഒരു പങ്കാളിത്ത സ്വത്തായതിനാൽ, പങ്കാളിത്ത സ്വത്തിന്റെ ഒരു പ്രത്യേക ഇനത്തിൽ പങ്കാളിയുടെ പങ്കവകാശം അന്യവൽക്കരിക്കപ്പെട്ടു

പോവാൻ പാടില്ല.
(അഡാങ്കി നാരായണപ്പ v. ഭാസ്കര കൃഷ്ണപ്പ (നിര്യാതൻ) യും മറ്റുള്ളവരും എ. ഐ. ആർ. 1966 എസ്. സി. 1300).

(ബി) മറ്റ് പങ്കാളികളുടെ സമ്മതമില്ലാതെ പങ്കാളിത്തത്തിൽ തന്റെ പങ്ക് അന്യമാക്കുന്നതിൽ നിന്ന് പങ്കാളിത്ത കരാറിന്റെ പ്രമാണത്തിലെ നിബന്ധനകൾ ഒരു പങ്കാളിയെ പ്രത്യക്ഷമായിതന്നെ വിലക്കുന്നു.

(സി) "നോൺ എസ്റ്റ് ഫാക്ടം" - ഒരു സിനിമയുടെ വിതരണത്തിനായി ഒരു സുരക്ഷാ കരാർ പ്രമാണം നടപ്പിലാക്കുകയാണെന്ന് അന്യായക്കാരിയെ വിശ്വസിപ്പിച്ചു; അവൾ ഒരിക്കലും ഒരു തീറാധാരം നടപ്പിലാക്കാൻ ഉദ്ദേശിച്ചിരുന്നില്ല."

5.1. പ്രസ്തുത സ്വത്ത് ഒരു കൂട്ടവകാശ സ്വത്താണെന്നും പങ്കാളിത്ത ആസ്തിയല്ലെന്നും പരാമർശിച്ചുകൊണ്ട് മേൽപ്പറഞ്ഞ ആദ്യത്തെ രണ്ട് അടിസ്ഥാനങ്ങളും ഹൈക്കോടതി നിരസിച്ചു; പ്രസ്തുത തീറാധാരത്തിന് (അക്കപ്രമാണം-എ-1) കീഴിൽ കൈമാറാൻ ഉദ്ദേശിച്ചത് വസ്തുവിന്റെ കൂട്ടുടമ എന്ന നിലയിൽ അന്യായക്കാരിയുടെ 1/5 അവകാശമാണ്, അത് ഒരു പങ്കാളിയുടെ പങ്കാളിത്തത്തിലെ അവകാശം കൈമാറൽ അല്ലായിരുന്നു. അതിനാൽ ഈ രണ്ട് അടിസ്ഥാനങ്ങളും ഹൈക്കോടതി തള്ളി. നോൺ എസ്റ്റ് ഫാക്ടവുമായി ബന്ധപ്പെട്ട മൂന്നാം അടിസ്ഥാനത്തിലേക്ക് നീങ്ങുമ്പോൾ, രേഖകളിൽ ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ തെളിവുകളിൽ പരാതിക്കാരന് അനുകൂലമായ ചില സാഹചര്യങ്ങളും വിൽപ്പനയുടെ യഥാർത്ഥതയ്ക്ക് ഉപോൽബലമായ സാഹചര്യങ്ങളുമുണ്ടെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. മത്സരിക്കുന്ന തെളിവുകളുടെ കൂട്ടത്തെ സംബന്ധിച്ച ഹൈക്കോടതിയുടെ നിരീക്ഷണങ്ങൾ താഴെ കാണും പ്രകാരം വായിക്കാം വായിക്കുന്നു: -

"21.ലഭ്യമായ തെളിവുകളിൽ ചില സാഹചര്യങ്ങൾ വാദിക്ക് അനുകൂലമായി കാണപ്പെടുന്നു. എതിർ കക്ഷികൾ പറയുന്നത് പ്രകാരം വാദിയുടെ ഭർത്താവ് സ്ഥാപനത്തിന്റെ മാനേജരായി പ്രവർത്തിച്ച് വരികയായിരുന്നു. അക്കപ്രമാണം A1, വിലയാധാരം നടപ്പിലാക്കിയ ദിവസം, അദ്ദേഹം തീർച്ചയായും സ്ഥലത്തില്ലായിരുന്നു. അദ്ദേഹത്തിന്റെ അഭാവത്തിൽ അക്കപ്രമാണം A1, വിലയാധാരം നടപ്പിലാക്കുന്നതിനുണ്ടായ അടിയന്തര സാഹചര്യം എന്തെന്നു വെളിവായിട്ടില്ല. അക്കപ്രമാണം A1 വിലയാധാരം, 23.11.05 തിയതിയിലെ വില്പന കരാറിനനുസൃതമായി നടപ്പിലാക്കിയതായി പറയപ്പെടുന്നു. പ്രസ്തുത വില്പന കരാർ അഞ്ച്

സഹോദരിമാരും ചേർന്ന് ഒന്നാം എതിർ കക്ഷിയായ സിറാജുദ്ദീന്റെ പേർക്കു നടപ്പിലാക്കിയതാനെന്നു വാദിക്കപ്പെടുന്നു. വില്പന കരാർ നടപ്പിലാക്കുന്നതിനെതിരെ വാദി തർക്കം ഉന്നയിക്കുന്നു. തർക്കം ഉന്നയിക്കപ്പെടുന്ന കരാർ എല്ലാ സഹോദരിമാരുടെയും താല്പര്യപ്രകാരമാണെങ്കിലും അക്കപ്രമാണം A1 വില്പന വാദിയുടെ മാത്രം അവകാശങ്ങളെ സംബന്ധിക്കുന്നതാണ്. ഇത് സാധാരണ സാഹചര്യങ്ങളിൽ അസാധ്യമാണ്. നിയുക്ത ക്രേതാവായ സിറാജുദ്ദീൻ വില്പന പൂർത്തിയാക്കുന്നതിനായി സമയം ആവശ്യപ്പെടുകയും വാദിയുടെ ഭർത്താവ് ആയതിനോട് വിയോജിക്കുകയും ചെയ്തു, ഈ സാഹചര്യത്തിലാണ് വാദിയുടെ മാത്രം വിഹിതം സംബന്ധിക്കുന്ന അക്കപ്രമാണം A1 നടപ്പിലാക്കിയത്. വാദിക്കും ടിയാളുടെ ഭർത്താവിനും പണത്തിന് അത്യാവശ്യമായിരുന്നു എന്നു കാണിക്കുന്ന യാതൊന്നും തന്നെ ഇല്ല. ഒരു വസ്തുവുമായി ബന്ധപ്പെട്ട് വിൽപനയ്ക്ക് ഒരു കരാറിൽ ഏർപ്പെട്ട ശേഷം, സാധാരണ സാഹചര്യങ്ങളിൽ, വിവേകമുള്ള ഒരു ക്രേതാവ് വസ്തുവിൽ നിന്ന് കേവലം 1/5 ഓഹരികൾ വാങ്ങില്ല, പ്രത്യേകിച്ചും വസ്തു ഒരു തീയേറ്ററായിരിക്കുന്ന സാഹചര്യത്തിൽ. കൂടാതെ, അക്കപ്രമാണം A1 വിലയാധാരത്തിൽ വിലയർത്ഥം ₹6 ലക്ഷം എന്ന് പറയുന്നുണ്ടെങ്കിലും, എതിർകക്ഷികൾ പറയുന്ന പ്രകാരം അക്കപ്രമാണം A1-ന് നൽകിയ മൊത്തം തുക ₹50 ലക്ഷം ആയിരുന്നു. ഈ വിലയർത്ഥം പാസാക്കിയതിനു യാതൊരുവിധ തെളിവുകളും ഇല്ല. വാദി പറയുന്നതു പ്രകാരം ഒരു വില്പന കരാറിനെ കുറിച്ചും ആലോചന നടക്കാതിരുന്നതിനാൽ ഒരു വിലയർത്ഥവും പാസാക്കിയിട്ടില്ല. പ്രമാണം രജിസ്റ്റർ ചെയ്യപ്പെട്ടതായതിനാൽ ആയതിന്റെ നിർവ്വഹണം അംഗീകരിക്കാവുന്നതാണ് എന്ന് ***പാത്തു V. കദീശ ഉമ്മ***, ***[1990(2) KLT SN.51]*** എന്ന കേസിലെ ഈ കോടതിയുടെ തീരുമാനത്തെ ആശ്രയിച്ച്, എതിർ കക്ഷി വാദിക്കുന്നു. എന്നിരുന്നാലും, ***പൊന്നൻ v. കുട്ടിപ്പെണ്ണ് [1987 (2) KLT 455]*** കേസിൽ നടന്നതുപോലെ, നിർവ്വഹണം നടക്കാതിരിക്കുന്ന സാഹചര്യത്തിൽ രജിസ്ട്രേഷൻ നിർവ്വഹണത്തിന്റെ തെളിവായി കണക്കാക്കില്ല.

22. മേൽപറഞ്ഞ സാഹചര്യങ്ങൾക്കെതിരായി, എതിർകക്ഷി ചൂണ്ടി കാണിക്കുന്ന, വില്പനയുടെ ആധികാരികത വെളിവാക്കുന്ന നിരവധി സാഹചര്യങ്ങൾ ഉണ്ട്. അക്കപ്രമാണം A1 കൂടാതെ, തീയറ്ററിലെ ഉരുപ്പടികളെയും മറ്റുപകരണങ്ങളെയും സംബനധിക്കുന്ന അക്കപ്രമാണം B17 വില്പന കുറിപ്പും നടപ്പിലാക്കിയിരുന്നു. ഇത് അക്കപ്രമാണം A1 ന്റെ നിർവ്വഹണത്തെ സംഭാവ്യമാക്കുന്നു. വാദി പറയുന്നതു പ്രകാരം അക്കപ്രമാണം A1 ന്റെ രജിസ്ട്രേഷനും നിർവ്വഹണവും നടന്നത് സബ് രജിസ്ട്രാർ ഓഫീസിൽ അല്ല,: കെട്ടിടത്തിന്റെ താഴെ നിലയിൽ വച്ചാണ് ടിയാളെ കൊണ്ട് ഒപ്പു വയ്പ്പിച്ചത്. എന്നിരുന്നാലും, സബ് രജിസ്ട്രാറെയും

ആധാരം എഴുത്തുകാരനെയും വിസ്തരിച്ചിട്ടില്ല. പ്രസ്തുത ആധാരം എഴുത്തുകാരൻ തന്നെയാണ് ഭാഗം വയ്പ്പിൽ സഹോദരിമാരുടെ ഭാഗത്തിലുള്ള മറ്റ് രണ്ടു (ഇനം 1 & 4) വസ്തുക്കളെ സംബന്ധിക്കുന്ന വിലയാധാരം തയ്യാറാക്കിയത് . അന്യായത്തിന്റെ മൂന്നാം ഖണ്ഡികയിൽ വാദിയുടെ ഭർത്താവിന്റെ സഹോദരൻ സബ് രജിസ്ട്രാർ ഓഫീസിലേക്കു ടിയാളെ അനുഗമിച്ചു എന്ന് ആരോപിക്കുന്നുണ്ടെങ്കിലും, അദ്ദേഹത്തെ വിസ്തരിച്ചിട്ടില്ല. കബളിക്കപെട്ടു എന്നു പറയപ്പെടുന്ന വാദിയും സാക്ഷി കൂട്ടിൽ കയറിയിട്ടില്ല. ഇൻഡ്യൻ തെളിവു നിയമം 120-ാം വകുപ്പു പ്രകാരം, ഭാര്യയ്ക്കു വേണ്ടി മൊഴി നല്കാൻ യോഗ്യതയുള്ള സാക്ഷിയാണ് ഭർത്താവ് എന്നിരുന്നലും, ഇവിടെ ഉന്നയിക്കപെട്ട ആരോപണങ്ങളുടെ സ്വഭാവം പരിഗണിക്കുമ്പോൾ വാദി ഇവിടെ ഒരു പ്രധാന സാക്ഷിയാണ് അതുകൊണ്ടു തന്നെ അവരെ വിചാരണ ചെയ്യാത്തത് ദുരൂഹമാണ്.”

5.2 മേൽപറഞ്ഞ നിരീക്ഷണങ്ങൾക്കു ശേഷം, അന്യായം കൃത്യമായി നിർണയിക്കുന്നതിനാവശ്യമായ തെളിവുകൾ രേഖകളിൽ ഹാജരാക്കിയിട്ടില്ല എന്നും ഹാജരാക്കിയ തെളിവുകൾ വിലയാധാരത്തിന് അനുകൂലമായോ പ്രതികൂലമായൊ ഉചിതമായ ഒരു തീരുമാനത്തിലെത്തുവാൻ അപര്യാപ്തമാണെന്നും ഹൈക്കോടതി അഭിപ്രായപെട്ടു. ഈ നിരീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ, കക്ഷികൾക്കു കൂടുതൽ തെളിവുകൾ ഹാജാരക്കാൻ അവസരം നല്കിയ ശേഷം വിഷയം വീണ്ടും പുതിയതായി പരിഗണിക്കുന്നതാണ് ഉചിതമെന്നും ഹൈക്കോടതി അഭിപ്രായപ്പെട്ടു. ഹൈക്കോടതി ചുവടെ ചേർത്തിരിക്കുന്ന നിർദേശങ്ങളും നിരീക്ഷണങ്ങളും നൽകികൊണ്ടു വിഷയം ഉപസംഹരിച്ചു:-

“ 23. മേൽപറഞ്ഞവയിൽ നിന്നും, അന്യായം കൃത്യമായി നിർണയിക്കുന്നതിനാവശ്യമായ തെളിവുകൾ രേഖകളിൽ ഹാജരാക്കിയിട്ടില്ല എന്ന് ഞാൻ നിരീക്ഷിക്കുന്നു. ഹാജരാക്കിയ തെളിവുകൾ അക്കപ്രമാണം A1 വിലയാധാരത്തിന് അനുകൂലമായോ പ്രതികൂലമായൊ ഉചിതമായ ഒരു തീരുമാനത്തിലെത്തുവാൻ അപര്യാപ്തമാണ്. പ്രധാന സാക്ഷികളെ വിസ്തരിച്ചിട്ടില്ല. വിലയർത്ഥം പാസാക്കിയത് സംബന്ധിക്കുന്ന രേഖകളൊന്നും ഹാജരാക്കിയിട്ടില്ല. നിലവിലെ സാഹചര്യത്തിൽ കക്ഷികൾക്കു കൂടുതൽ തെളിവുകൾ ഹാജാരക്കാൻ അവസരം നല്കിയ ശേഷം വിഷയം വീണ്ടും പുതിയതായി പരിഗണിക്കുന്നതാണ് ഉചിതമെന്നാണ് എന്റെ അഭിപ്രായം. OS 293/12 ലെ ഡിക്രിയും വിധിന്യായവും റദ്ദാക്കുകയും അന്യായം തീർപ്പാക്കുന്നതിനായി വിചാരണ കോടതിയിലേക്ക് പുതിയതായി

പരിഗണിക്കുന്നതിനായി തിരികെ വിടേണ്ടതാണ്.

ഫലത്തിൽ, RFA നമ്പർ 96/12, 827/10, 238/14 എന്നിവ ചിലവുകൾ സംബന്ധിച്ച് ഉത്തരവുകളില്ലതെ തള്ളുന്നു. RFA 247/14. OS 293/12 ലെ ഡിക്രിയും വിധിന്യായവും റദ്ദാക്കുകയും കക്ഷികൾക്കു കൂടുതൽ തെളിവുകൾ ഹാജാരക്കാൻ അവസരം നല്കിയ ശേഷം വിഷയം വീണ്ടും പുതിയതായി പരിഗണിക്കുന്നതിനായി വിചാരണ കോടതിയിലേക്ക് തിരികെ വിടുകയും ചെയ്യുന്നു. കക്ഷികൾ വിചാരണ കോടതിക്ക് മുൻപാകെ 24.07.2019 ന് ഹാജരാകേണ്ടതാണ്.

6. മതിയായ തെളിവുകൾ ഹാജരാക്കാത്തത് 1-ാം വാദി- എതിർ കക്ഷിയുടെ ഭാഗത്തു നിന്നുണ്ടായ വീഴ്ചയാണെന്നും എന്നിരുന്നാലും ടിയാളുടെ ഭാഗത്ത് നിന്നുണ്ടായ ഈ പോരായ്മ വിഷയത്തെ ഒരു തവണ കൂടി വിചാരണ കോടതിയിലേക്ക് വിചാരണാ നടപടികൾക്കായി അയയ്ക്കുന്നതിന് കാരണമാകരുത് എന്ന് മേൽ വിധിന്യായത്തിനെയും 28.06.2019 ലെ ഉത്തരവിനെയും വിമർശിച്ചുകൊണ്ട് അപ്പീൽ വാദിഭാഗം അഭിഭാഷകൻ ശക്തമായി വാദിച്ചു. കക്ഷികൾക്കു പുതിയ തെളിവുകൾ ഹാജാരക്കാൻ അവസരം നല്കിയ ശേഷം വിഷയം വീണ്ടും പുതിയതായി പരിഗണിക്കുന്നതിനായി വിചാരണ കോടതിയിലേക്ക് തിരികെ വിടുന്നതിനായി വാദം ഉന്നയിക്കപെടുകയോ അത്തരത്തിൽ ഒരു നിവൃത്തിക്കായി അപേക്ഷിക്കുകയോ ചെയ്യാതിരുന്നതിനാൽ, ഹൈക്കോടതി അപ്രകാരം ചെയ്യരുതായിരുന്നു എന്നും സമർപ്പിക്കപെട്ടു. വിചാരണ കോടതി 1-ാം വാദി- എതിർ കക്ഷിയുടെ ഭാഗത്തു നിന്നും സമർപ്പിച്ച ഏതെങ്കിലും തെളിവ് പരിഗണിക്കുന്നതിൽ പരാജയപ്പെട്ടുവെന്നോ അഥവാ ഏതെങ്കിലും പ്രധാന കാരണത്താൽ നിർണ്ണായകമായ ഏതെങ്കിലും തെളിവ് ഹാജരാക്കാൻ കഴിയാതെ വന്നുവെന്നൊ ടിയളുടെ ഭാഗത്തു നിന്നും തർക്കം ഉന്നയിക്കപ്പെട്ടിട്ടില്ല എന്നും അഭിഭാഷകൻ വിശദമാക്കുന്നു. എന്നാൽ , ഇതിനു വിപരീതമായി ടിയാൾ വിചാരണ ചെയ്യപ്പെടുകയൊ അല്ലെങ്കിൽ വിലയാധാരം രജിസ്റ്റർ ചെയ്ത സബ്ബ് രജിസ്ട്രാറെ വിചാരണ ചെയ്യുകയോ അല്ലെങ്കിൽ മുൻ വിലയാധാരം സാക്ഷ്യപ്പെടുത്തിയ സാക്ഷിയായ വാദിയുടെ ഭർത്താവിനെ വാദിക്കു വേണ്ടി PW-1 ആയി വിചാരണ ചെയ്യുകയോ ചെയ്തിട്ടില്ല. തെളിവു നിയമം 114-ാം വകുപ്പിലെ വിശദീകരണം (g)യെ ആശ്രയിച്ചു കൊണ്ട്, 1-ാം വാദി- എതിർ കക്ഷി

സ്വയം സാക്ഷി കൂട്ടിൽ ഹാജരാകത്തതിനാൽ ടിയാൾക്കെതിരെ പ്രതികൂലമായ അനുമാനങ്ങൾ ഉണ്ടാകേണ്ടതായിരുന്നു; പ്രത്യേകിച്ചും ടിയാളുടെ വാദങ്ങളുടെ അടിസ്ഥാനത്തിൽ ആരോപണങ്ങൾ ഉന്നയിക്കപ്പെടുമ്പോൾ എന്ന് അപ്പീൽ വാദിഭാഗം അഭിഭാഷകൻ വാദിക്കുന്നു. തെളിവു നിയമം 92-ാം വകുപ്പിലെ 1-ാം വ്യവസ്ഥയിലെ ഘടകങ്ങൾ ഒന്നും സ്ഥാപിക്കപ്പെട്ടിട്ടില്ല എന്നും വിചാരണ കോടതി, സാഹചര്യങ്ങൾ എതിർകക്ഷി - അപ്പീൽ വാദിയുടെ കേസിനെ സാധ്യമാക്കുന്നു എന്നുമുള്ള വസ്തുനിഷ്ഠമായ നിലപാടെടുക്കുന്നു എന്നും അഭിഭാഷകൻ സമർപ്പിക്കുന്നു. ആയതിനാൽ, ന്യായമായി തള്ളപ്പെട്ട കേസ് പുതിയതായി വീണ്ടും വിചാരണയ്ക്കെടുക്കുന്നതിനു യാതൊരു കാരണവുമില്ല. ***ഹൈദ്രബാദ് മുനിസിപൽ കോർപ്പറേഷൻ v.സുന്ദർ സിംഗ് : (2008) 8SCC 485*** എന്ന കേസിലെ ഈ കോടതിയുടെ തീരുമാനത്തെ അഭിഭാഷകൻ പരാമർശിക്കുകയും ആശ്രയിക്കുകയും ചെയ്തു.

7. നേർവിപരീതമായി , പശ്ചാത്തലം സൂചിപ്പിച്ച് കൊണ്ട് , അപവദിത വിലയാധാരപ്രകാരം 1-ാം വാദി- എതിർ കക്ഷിക്കു പ്രതിഫലം ഒന്നും ലഭിച്ചിട്ടില്ലെന്നും ആയതിനാൽ പ്രസ്തുത പ്രമാണം അസാധുവാണെന്നും ആയതിനാൽ അത് തള്ളേണ്ടതാണെന്നും ടിയാളുടെ അഭിഭാഷകൻ ശക്തമായി വാദിക്കുന്നു. അഭിഭാഷകൻ പറയുന്നതനുസരിച്ച് ,അപ്പീൽ കോടതി ശരിയായ നിർണ്ണയത്തിന് ആവശ്യമായ തെളിവുകൾ രേഖയിൽ കൊണ്ടുവന്നിട്ടില്ലെന്ന നിഗമനത്തിൽ എത്തിയപ്പോൾ, അത് സ്വമേധയാ വിചാരണ കോടതിയിലേക്ക് മാറ്റാൻ പോലും യോഗ്യവും വിശാലവുമായ അധികാരങ്ങളുണ്ടായിരുന്നു എന്നിരിക്കെ നീതിയുടെ അറ്റം ഭദ്രമാക്കാൻ ഈ വിഷയത്തിൽ ഹൈക്കോടതി ഇത്തരം നിലപാട് സ്വീകരിക്കുന്നതിൽ തെറ്റുപറ്റാനാവില്ല. വിലയാധാരത്തിന് അനുകൂലമായോ പ്രതികൂലമായൊ ഉചിതമായ ഒരു തീരുമാനത്തിലെത്തുവാൻ ഹാജരാക്കിയ തെളിവുകൾ പര്യാപ്തമല്ലെന്ന നിഗമനത്തിൽ എത്തിയതിന് ശേഷം ഹൈക്കോടതി ഈ വിഷയം പരിഗണനയ്ക്കായി വിചാരണ കോടതിയിലേക്ക് മാറ്റി എന്നത് സ്ഥാപിക്കുന്നതിനായി സിവിൽ

പ്രൊസീജ്യർ കോഡിന്റെ 1908 ലെ[2] ഓർഡർ XLI ലെ ചട്ടം 23, 23-A, 24, 27(1)(b), 33 എന്നിവയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ അഭിഭാഷകൻ പരാമർശിച്ചു. തെളിവു നിയമം 120 പ്രകാരം, 1-ാം വാദി - എതിർ കക്ഷിയുടെ ഭർത്താവ് തിയേറ്ററിന്റെ മാനേജരായതിനാൽ തീയറ്ററിന്റെ എല്ലാ കാര്യങ്ങളെപ്പറ്റിയും അറിവുള്ളയാളായിരുന്നു എന്നും അതിനാൽ ഒരു യോഗ്യതയുള്ള സാക്ഷിയാണെന്നും ആയതിനാൽ 1-ാം വാദി - എതിർ കക്ഷി സാക്ഷി കൂട്ടിൽ പ്രവേശിച്ചില്ല എന്നത് തികച്ചും അപ്രധാനമാണ് . ജാമ്യ പ്രമാണം മാത്രമാണെന്ന വ്യാജേനയാണ് വാദിയെ കൊണ്ട് വിലയാധാരം ഒപ്പിടുവിച്ചത് എന്നും ആയതിനാൽ എതിർ കക്ഷികളാൽ തെറ്റായി വ്യഖ്യാനിക്കപെട്ട വിലയാധാരവും പരിഗണിക്കപ്പെടേണ്ടതും റദ്ദാക്കപ്പെടേണ്ടതുമാണെന്നും അഭിഭാഷകൻ ആവർത്തിക്കുന്നു. 23.11.2005 തിയതിയിലെ വിലയാധാരം തർക്കം ആരോപിക്കപ്പെട്ട പ്രമാണമാണെന്നും അതിനാൽ പ്രസ്തുത രേഖയെ ആശ്രയിക്കനാവില്ല എന്നും സമർപ്പിക്കപ്പെട്ടു. ***സഞ്ജയ് കുമാർ സിംഗ് വേഴ്സസ് സ്റ്റേറ്റ് ഓഫ് ജാർഖണ്ഡ് : (2022) 7 SCC 247.*** കേസിലെ ഈ കോടതിയുടെ തീരുമാനത്തെ അഭിഭാഷകൻ പരാമർശിക്കുകയും ആശ്രയിക്കുകയും ചെയ്തു.

8. എതിർ സമർപ്പണങ്ങൾക്ക് ഞങ്ങൾ ചിന്താപൂർവ്വമായ പരിഗണനകൾ നൽകുകയും ബാധകമായ നിയമങ്ങൾക്കനുസൃതമായി രേഖകൾ പരിശോധിക്കുകയും ചെയ്തിട്ടുണ്ട്.

8.1 കക്ഷികളുടെ അഭിഭാഷകർ കേസിന്റെ മെറിറ്റിനെ സംബന്ധിക്കുന്ന ചില വാദങ്ങൾ ഉന്നയിച്ചിട്ടുണ്ടെങ്കിലും ഈ അപ്പീലിൽ തീർപ്പുകൽപ്പിക്കേണ്ട യഥാർത്ഥ ചോദ്യം, ഹൈക്കോടതി ഈ വിഷയം വീണ്ടും വിചാരണയ്ക്കായി മാറ്റുന്നത് ന്യായമാണോ എന്നതാണോ എന്നതുകൊണ്ടുമാത്രം കേസിന്റെ മെറിറ്റുകളെ സംബന്ധിക്കുന്ന ആ സമർപ്പണങ്ങൾ ഞങ്ങൾ അവിടെ വിടുന്നു.

9. നിലവിലെ അപ്പീലിൽ തീരുമാനമെടുക്കാൻ ആവശ്യപ്പെടുന്ന ചോദ്യത്തെ

2 ചുരുക്കത്തിൽ 'CPC'

സംബന്ധിച്ചും സമർപ്പിച്ച സമർപ്പണങ്ങളെ പരാമർശിച്ചും, ഉദ്ധരിച്ച തീരുമാനങ്ങളിലെ പ്രസക്തമായ നിയമ വ്യവസ്ഥകളും ഈ കോടതിയുടെ വിശദീകരണങ്ങളും നമുക്ക് ആദ്യം ശ്രദ്ധിക്കാം.

9.1 CPC യിലെ ഓർഡർ XLI ലെ ചട്ടം 23, 23-A, 24, 27, 33 എന്നിവയിൽ അടങ്ങിയിരിക്കുന്ന വ്യവസ്ഥകൾ ചുവടെ ചേർത്തിരിക്കുന്ന പ്രകാരം വായിക്കാവുന്നതാണ്:-

> **"23. അപ്പീൽക്കോടതി കേസ് റിമാൻഡ് ചെയ്യുന്നത്.-** ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി വ്യവഹാരം ഒരു പ്രാരംഭിക വാദമുഖത്തിൻമേൽ തീർച്ച ചെയ്തിരിക്കുകയും, വിധി അപ്പീലിൽ മറിച്ചു വിധിക്കുകയും ചെയ്യുന്നിടത്തോ, അപ്പീൽക്കോടതി. അപ്പീലിലുള്ള വിധി മറിച്ചു വിധിക്കുന്നതിലോ റദ്ദാക്കുന്നതിലോ കേസ് റിമാൻഡ് ചെയ്യുന്നത് നീതിയുടെ താൽപ്പര്യത്തിന് ആവശ്യമായി പരിഗണിക്കുന്നിടത്തോ, അപ്പീൽക്കോടതിക്ക് ഉത്തരവുവഴി കേസ് റിമാൻഡ് ചെയ്യാവുന്നതും, അപ്രകാരം റിമാൻഡ് ചെയ്യുന്ന കേസിൽ, ഏതു വിവാദ്യകമോ വിവാദ്യകങ്ങളോ ആണ് വിചാരണ ചെയ്യേണ്ടതെന്ന് കൂടുതലായി നിദേശിക്കാവുന്നതും, അപ്പീൽക്കോടതി അതിന്റെ വിധിന്യായത്തിന്റെയും ഉത്തരവിന്റെയും ഒരു പകർപ്പ് ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതിക്ക് വ്യവഹാരം സിവിൽ വ്യവഹാരങ്ങളുടെ രജിസ്റ്ററിലെ അതിന്റെ ആദ്യത്തെ നമ്പരിൽ വീണ്ടും സ്വീകരിക്കാനും, വ്യവഹാരം തീർപ്പാക്കാൻ നടപടി തുടരാനുമുള്ള നിദേശങ്ങളോടുകൂടി അയച്ചുകൊടുക്കേണ്ടതും, ആദ്യവിചാരണയിൽ, റിക്കോർഡ് ചെയ്ത തെളിവ് (വല്ലതുമുണ്ടെങ്കിൽ) ന്യായമായ എല്ലാ അപവാദങ്ങൾക്കും വിധേയമായി, റിമാൻഡിനുശേഷമുള്ള വിചാരണയിൽ തെളിവായിരിക്കുന്നതുമാകുന്നു.
>
> **23A. മറ്റു സംഗതികളിലെ റിമാൻഡ്.-**ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി, ഒരു പ്രാരംഭികവാദമുഖത്തിൻമേലല്ലാതെ കേസ് തീർച്ച ചെയ്തിരിക്കുകയും, വിധി അപ്പീലിൽ മറിച്ചുവിധിക്കുകയും പുനർവിചാരണ ആവശ്യമാണെന്ന് കരുതപ്പെടുകയും ചെയ്യുന്നിടത്ത്, അപ്പീൽ കോടതിക്ക്, അതിനു 23 -)o ചട്ടത്തിൻകീഴിലുള്ള അതേ അധികാരങ്ങൾ ഉണ്ടായിരിക്കുന്നതാണ്.
>
> **24. റിക്കോർഡിലുള്ള തെളിവ് മതിയായിരിക്കുന്നിടത്ത്, അപ്പീൽ**

കോടതിക്ക് കേസ് അന്തിമമായി തീർപ്പാക്കാമെന്ന്- റിക്കോർഡിലുള്ള തെളിവ് വിധിന്യായം പ്രസ്താവിക്കാൻ അപ്പീൽകോടതിക്ക് കഴിവുണ്ടാക്കാൻ മതിയായിരിക്കുന്നിടത്ത്, അപ്പീൽകോടതിക്ക് ആവശ്യമുണ്ടെങ്കിൽ വിവാദ്യകങ്ങൾ വീണ്ടും നിശ്ചയിച്ചതിനുശേഷം ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്,ആ കോടതിയുടെ വിധിന്യായം പൂർണമായും അപ്പീൽ കോടതിക്കുള്ള കാരണമല്ലാത്ത വല്ല കാരണത്തിൻമേലും ഉള്ളതാണെന്നിരുന്നാലും വ്യവഹാരം അന്തിമമായി തീർപ്പാക്കാവുന്നതാണ്.

******* ********* ********

27. അപ്പീൽക്കോടതിയിൽ കൂടുതൽ തെളിവ് ഹാജരാക്കുന്നത്.- (1) അപ്പീലിലെ കക്ഷികൾക്ക്, അപ്പീൽക്കോടതിയിൽ കൂടുതൽ തെളിവ് അത് വാക്കാലുള്ളതോ രേഖാമൂലമുള്ളതോ ആയാലും, ഹാജരാക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല, എന്നാൽ-

(എ) ഏതു കോടതിയുടെ വിധിയിൽ നിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി സ്വീകരിക്കപ്പെടേണ്ടിയിരുന്ന തെളിവ് സ്വീകരിക്കാൻ വിസമ്മതിക്കുകയോ, അല്ലെങ്കിൽ

(എഎ) കൂടുതൽ തെളിവ് ഹാജരാക്കാൻ ആവശ്യപ്പെടുന്ന കക്ഷി, വേണ്ടത്ര ശ്രദ്ധ ചെലുത്തിയിരുന്നിട്ടും, അങ്ങനെയുള്ള തെളിവ് തന്റെ അറിവിൽപ്പെട്ടിരുന്നില്ലെന്നോ, അല്ലെങ്കിൽ ഏതു വിധിക്കെതിരായാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ വിധി പാസ്സാക്കാൻ സമയത്ത് വേണ്ടത്ര ശ്രദ്ധ ചെലുത്തിയതിനുശേഷം ഹാജരാക്കാൻ കഴിഞ്ഞില്ലെന്നോ സ്ഥാപിക്കുകയോ, അല്ലെങ്കിൽ

(ബി) അപ്പീൽക്കോടതിക്ക്, അതിന് വിധിന്യായം പ്രസ്താവിക്കാൻ കഴിവുണ്ടായിരിക്കുന്നതിനോ അല്ലെങ്കിൽ മറ്റേതെങ്കിലും സാരവത്തായ കാരണത്താലോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതോ, ഏതെങ്കിലും സാക്ഷിയെ വിസ്തരിക്കുന്നതോ ആവശ്യമായിരിക്കുകയോ,

ചെയ്യുന്നുവെങ്കിൽ, അപ്പീൽക്കോടതിക്ക് അങ്ങനെയുള്ള തെളിവോ രേഖയോ ഹാജരാക്കാനോ സാക്ഷിയെ വിസ്തരിക്കാനോ അനുവദിക്കാവുന്നതാണ്.

(2) കൂടുതൽ തെളിവ് ഹാജരാക്കാൻ അപ്പീൽക്കോടതി അനുവദിക്കുന്നിടത്തെല്ലാം, കോടതി അത് സ്വീകരിക്കാനുള്ള കാരണം റിക്കോർഡാക്കേണ്ടതാകുന്നു.

******* ********* ********

33. അപ്പീൽ കോടതിയുടെ അധികാരം- അപ്പീൽക്കോടതിക്ക് പാസ്സാക്കേണ്ടിയിരുന്നതോ ചുറപ്പെടുവിക്കേണ്ടിയിരുന്നതോ ആയ ഏതു വിധി പാസ്സാക്കാനും ഏത് ഉത്തരവ് പുറപ്പെടുവിക്കാനും, കേസ് ആവശ്യപ്പെടുന്ന കൂടുതലായുള്ളതോ മറ്റുവിധത്തിലുള്ളതോ ആയ വിധിയോ ഉത്തരവോ പാസ്സാക്കുകയോ പുറപ്പെടുവിക്കുകയോ ചെയ്യാനും അധികാരമുണ്ടായിരിക്കുന്നതും, കോടതിക്ക് ഈ അധികാരം, വിധിയുടെ ഒരു ഭാഗം മാത്രം സംബന്ധിച്ചുള്ളതാണ് അപ്പീലിലെന്നിരുന്നാലും, പ്രയോഗിക്കാവുന്നതും, എല്ലാ അപ്പീൽ പ്രതികൾക്കുമോ കക്ഷികൾക്കുമോ അവരിൽ ആർക്കെങ്കിലുമോ അനുകൂലമായി, അങ്ങനെയുള്ള അപ്പീൽ പ്രതികളോ കക്ഷികളോ ഏതെങ്കിലും അപ്പീലോ ആക്ഷേപമോ ഫയൽ ചെയ്തിട്ടില്ലെന്നിരുന്നാലും, പ്രയോഗിക്കാവുന്നതും, എതിർവ്യവഹാരങ്ങളിൽ, വിധികൾ ഉണ്ടായിട്ടുള്ളിടത്തോ അല്ലെങ്കിൽ ഒരൊറ്റ വ്യവഹാരത്തിൽ രണ്ടോ അതിലധികമോ വിധികൾ പാസ്സാക്കുന്നിടത്തോ, അങ്ങനെയുള്ള വിധികൾക്കെതിരായി അപ്പീൽ ഫയൽ ചെയ്തിട്ടില്ലാതിരിക്കാമെങ്കിൽപ്പോലും ആ എല്ലാ വിധികളുമോ അവയിൽ ഏതെങ്കിലുമോ സംബന്ധിച്ച് പ്രയോഗിക്കാവുന്നതുമാണ്.

എന്നാൽ, ഏതു കോടതിയുടെ വിധിയിൽനിന്നാണോ അപ്പീൽ കൊടുത്തിട്ടുള്ളത്, ആ കോടതി 35A വകുപ്പിൻ കീഴിൽ ഉത്തരവ് പുറപ്പെടുവിക്കാൻ വിട്ടുകളയുകയോ വിസമ്മതിക്കുകയോ ചെയ്തിട്ടുള്ളത് ഏതൊരു ആക്ഷേപത്തിൻമേലാണോ അങ്ങനെയുള്ള ആക്ഷേപത്തെത്തുടർന്ന് അപ്പീൽക്കോടതി അങ്ങനെയുള്ള യാതൊരു ഉത്തരവും പുറപ്പെടുവിക്കാൻ പാടുള്ളതല്ല.

9.2 മുനിസിപ്പൽ കോർപ്പറേഷൻ, ഹൈദരാബാദ് (മേൽ പരാമർശം) എന്ന കേസിൽ, സി.പി.സി. XLI ഉത്തരവിലെ 23, 23-A എന്നീ ചട്ടങ്ങളുടെ അർത്ഥം വിശദീകരിക്കുമ്പോൾ, ഈ കോടതി ഇനിപ്പറയുന്നവ നിരീക്ഷിച്ചു:-

"**32.** റിമാൻഡ് ഉത്തരവ് പുറപ്പെടുവിക്കുന്നതിന് അപ്പീൽ കോടതിയുടെ

വിവിധ അധികാരങ്ങൾ തമ്മിലുള്ള വ്യത്യാസം മനസ്സിലാക്കണം. 41-ാം ഉത്തരവ് 23-ാം ചട്ടപ്രകാരം റിമാൻഡ് സാദ്ധ്യത വളരെ പരിമിതമാണ്. പ്രാരംഭിക വാദമുഖത്തിൻമേൽ അന്യായം തീർപ്പാക്കിയിട്ടില്ല. അതിനാൽ ഉത്തരവ്-41, ചട്ടം-23 ബാധകമാവില്ല. ഏത് അടിസ്ഥാനത്തിലാണ് സെക്കൻഡറി തെളിവ് ഹാജരാക്കാൻ അനുവദിച്ചതെന്ന് വ്യക്തമായിട്ടില്ല. സെക്കൻഡറി തെളിവെടുപ്പ് വിസമ്മതിച്ച ഉത്തരവുകൾ ഹൈക്കോടതി റദ്ദാക്കിയിട്ടില്ല.

33. സിവിൽ നടപടി നിയമത്തിന്റെ ഉത്തരവ്- 41, ചട്ടം 23-എ യിലും ബാധകമാകുന്നില്ല. പുനർവിചാരണ ആവശ്യമാണെന്ന നിഗമനത്തിൽ ഹൈക്കോടതി എത്തിയിരുന്നില്ല. ഡിക്രി മറിച്ചു വിധിക്കാൻ ബാധ്യസ്ഥമാണെന്ന കണ്ടെത്തലിൽ ഹൈക്കോടതി വീണ്ടും എത്തിയിട്ടില്ല. കോഡിലെ 41-ാം ഉത്തരവ് 23-ാം ചട്ട പ്രകാരം കോടതിയുടെ അധികാരിത പ്രയോഗിക്കുന്നതിന് ഒരു കേസും എടുത്തിട്ടില്ല.

34. കോടതിക്ക് തെളിവിന്റെ അഭാവത്തിൽ സ്വയമേവ (ipse dixit of the court) റിമാൻഡ് ഉത്തരവ് പുറപ്പെടുവിക്കാൻ കഴിയില്ല. "

9. 3. 1 -ാം എതിർകക്ഷിയുടെ അഭിഭാഷകൻ ആശ്രയിച്ച സഞ്ജയ് കുമാർ സിങ്ങിന്റെ (മേൽപരാമർശം) കേസിൽ, ഈ കോടതി ഇനിപ്പറയുന്നവ നിരീക്ഷിച്ചു: -

"**7.** കീഴ്ക്കോടതിയുടെ രേഖകൾക്കപ്പുറത്തേക്ക് അപ്പീൽ കോടതി സഞ്ചരിക്കരുതെന്നും അപ്പീലിൽ തെളിവുകളൊന്നും എടുക്കാൻ കഴിയില്ലെന്നതാണ് പൊതുതത്വം എന്നത് ശരിയാണ്. എന്നിരുന്നാലും, ഒരു അപവാദമെന്ന നിലയിൽ, അസാധാരണമായ സാഹചര്യങ്ങളിൽ കൂടുതൽ തെളിവുകൾ എടുക്കുന്നതിന് സി.പി.സി.യിലെ ഉത്തരവ്- 41 ചട്ടം 27 അപ്പീൽ കോടതിയെ പ്രാപ്തമാക്കുന്നുണ്ട്. ഈ ചട്ടത്തിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകൾ നിലവിലുണ്ടെന്ന് കണ്ടെത്തുകയും അത്തരം തെളിവുകൾ എടുക്കുന്നതിന്, അവകാശമെന്ന നിലയിൽ കക്ഷികൾക്കാവില്ലെങ്കിൽ, കൂടുതൽ തെളിവുകൾ എടുക്കാൻ അപ്പീൽ കോടതി അനുവദിച്ചേക്കാം എന്നതും ശരിയായിരിക്കാം. അതേസമയം, ഹാജരാക്കാൻ ശ്രമിക്കുന്ന കൂടുതൽ തെളിവുകൾ കേസിലെ സംശയത്തിന്റെ മേഘം നീക്കുകയും, ടി തെളിവുകൾക്ക്, കേസിലെ പ്രധാന വിഷയവുമായി നേരിട്ടും പ്രാധാന്യമുള്ളമായ സ്വാധീനം ഉണ്ടെന്നും ആയത് രേഖകളിൻമേൽ അനുവദിക്കേണ്ടത് നീതിന്യായതാല്പര്യത്തിന് അത്യന്താപേക്ഷിതമാണെന്നുമുണ്ടെങ്കിൽ, അത്തരം അപേക്ഷ അനുവദിക്കാവുന്നതാണ്. സി.പി.സി.യിലെ ഉത്തരവ്- 41 ചട്ടം 27 പ്രകാരം കൂടുതൽ തെളിവുകൾ ഹാജരാക്കുന്നത്

പരിഗണിക്കേണ്ട സാഹചര്യങ്ങളിലൊന്ന്, അപ്പീൽ കോടതിയെ വിധി പറയാൻ പ്രാപ്തമാക്കുന്നതിനോ അല്ലെങ്കിൽ അത്തരത്തിലുള്ള മറ്റേതെങ്കിലും കാതലായ കാരണങ്ങൾക്കോ കൂടുതൽ തെളിവുകൾ ആവശ്യമുണ്ടോ ഇല്ലയോ എന്നതാണ്.

8. എ. ആണ്ടിസാമി ചെട്ടിയാർ വേഴ്സസ് എ. സുബ്ബരാജ് ചെട്ടിയാർ [(2015) 17 എസ്. സി. സി. 713] എന്ന കേസിൽ ഈ കോടതി നിരീക്ഷിക്കുകയും വിധിക്കുകയും ചെയ്തതുപോലെ, കൂടുതൽ തെളിവുകളുടെ സ്വീകാര്യത നിലവിലെ വിവാദ വിഷയത്തിന്റെ പ്രസക്തിയെയോ അല്ലെങ്കിൽ അപേക്ഷകന് ആദ്യ ഘട്ടത്തിൽ അത്തരം തെളിവുകൾ ഹാജരാക്കാൻ അവസരമുണ്ടോ ഇല്ലയോ എന്ന വസ്തുതയെയോ ആശ്രയിച്ചല്ല, അപ്പീൽ കോടതിക്ക് വിധി പറയാൻ പ്രാപ്തമാക്കുന്നതിനോ അല്ലെങ്കിൽ അത്തരത്തിലുള്ള മറ്റേതെങ്കിലും കാതലായ കാരണങ്ങൾക്കോ, കൂടുതൽ തെളിവുകൾ ആവശ്യമുണ്ടോ ഇല്ലയോ എന്നതിനെ ആശ്രയിച്ചാണ്. ഹാജരാക്കാൻ ആവശ്യപ്പെട്ട കൂടുതൽ തെളിവുകൾ പരിഗണിക്കാതെ, അപ്പീൽ കോടതിക്ക് അതിനുമുമ്പാകെയുള്ള സംഗതികളിൻമേൽ വിധി പ്രസ്താവിക്കാൻ കഴിയുമോ എന്നതാണ് യഥാർത്ഥ പരിശോധന എന്ന് കൂടുതലായി നിരീക്ഷിക്കപ്പെടുന്നു.

10. സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം 33 പ്രകാരം, ഒരു കേസിൽ ആവശ്യമെന്നു കണക്കാക്കുന്ന ഏത് ഡിക്രിയും അല്ലെങ്കിൽ പുറപ്പെടുവിക്കുകയോ ഉണ്ടാക്കുകയോ ചെയ്യേണ്ടുന്ന ഏത് ഉത്തരവും പുറപ്പെടുവിക്കാനും അപ്പീൽ കോടതിക്ക് അധികാരമുണ്ടെന്ന് പെട്ടെന്ന് തന്നെ കാണാവുന്നതാണ്. മേൽപ്പറഞ്ഞ 33-ാം ചട്ടത്തിൽ അപ്പീൽ കോടതിയുടെ പൊതു അധികാരങ്ങൾ നിർദ്ദേശിക്കുമ്പോൾ, റിമാൻഡ് ചെയ്യുന്നതിനുള്ള പ്രത്യേക അധികാരങ്ങൾ സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം- 23, 23-A എന്നിവയിൽ നിർദ്ദേശിച്ചിരിക്കുന്നു. മേൽപറഞ്ഞ ചട്ടം-33 നിലവിലെ കേസിൽ അനുയോജ്യമല്ല. അങ്ങനെ പറഞ്ഞുകൊണ്ട്, സി. പി. സി. യിലെ ഉത്തരവ്- XLI -ലെ പരാമർശിക്കപ്പെട്ട മറ്റ് വ്യവസ്ഥകളെ സംബന്ധിച്ചിടത്തോളം നിലവിലെ കേസിലെ റിമാൻഡ് ഉത്തരവ് ന്യായീകരിക്കാനാകുമോ എന്ന് പരിശോധിക്കാൻ നമുക്ക് മുന്നോട്ട് പോകാവുന്നതാണ്?

11. 28.06.2019 ലെ അപവദിത വിധിന്യായത്തിന്റെ ശ്രദ്ധേയമായ ഒരു സവിശേഷത,

വിചാരണ കോടതിയുടെ വിധിന്യായത്തിനും ഡിക്രിക്കുമെതിരായ സാധാരണ ഗതിയിലുള്ള ആദ്യത്തെ ഒരു അപ്പീൽ കൈകാര്യം ചെയ്യുമ്പോൾ പോലും, നിലവിലെ കേസുമായി ബന്ധപ്പെട്ടിട്ടുള്ള വിചാരണ കോടതിയുടെ കണ്ടെത്തലുകൾ പോലും ഹൈക്കോടതി സൂചിപ്പിച്ചിട്ടില്ലെന്നും, വിചാരണ കോടതി രേഖപ്പെടുത്തിയ കണ്ടെത്തലുകൾ എങ്ങനെയാണ് നിലനിൽക്കാത്തതും നീതീകരിക്കാത്തതുമാണെന്ന് വ്യക്തമാക്കിയിട്ടില്ലെന്നുമാണ്. ശ്രദ്ധയിൽപ്പെട്ടതുപോലെ, അപവദിത വിധിന്യായത്തിൽ, വാദിക്ക് അനുകൂലമായ ചില സാഹചര്യങ്ങളും (ഖണ്ഡിക 21-ൽ), വിവാദത്തിലിരിക്കുന്ന വിൽപനയുടെ യഥാർത്ഥതയെ അനുകൂലിക്കുന്ന മറ്റ് ചില സാഹചര്യങ്ങളും (ഖണ്ഡിക 22-ൽ) ഹൈക്കോടതി വിവരിച്ചിട്ടുണ്ടെന്നും, അതിനുശേഷം, അന്യായം ശരിയായി നിർണ്ണയിക്കുന്നതിന് ആവശ്യമായ തെളിവുകൾ രേഖകളിൻമേൽ കൊണ്ടുവന്നിട്ടില്ലെന്നും, വിവാദത്തിലിരിക്കുന്ന വിലയാധാരത്തിന് അനുകൂലമായതോ പ്രതികൂലമായതോ ആയ ശരിയായ കണ്ടെത്തലിൽ എത്തിച്ചേരാൻ രേഖകളിലുള്ള തെളിവുകൾ പര്യാപ്തമല്ലെന്നും നിരീക്ഷിച്ചു. വസ്തുനിഷ്ഠമായ സാക്ഷികളെ വിസ്തരിച്ചിട്ടില്ലെന്നും പ്രതിഫലം കൈമാറുന്നത് സംബന്ധിച്ച് തെളിവുകൾ കൊണ്ടുവന്നിട്ടില്ലെന്നും ഹൈക്കോടതി കൂടുതലായി നിരീക്ഷിച്ചിട്ടുള്ളതാണ് .

11.1 രേഖകളിലുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ ഇതേ സംബന്ധിച്ച് ഒരു നിഗമനത്തിൽ എത്തിച്ചേരാൻ ഹൈക്കോടതിക്ക് കഴിഞ്ഞില്ല എന്നതാണ് അപവദിത വിധിന്യായത്തിലെ നിരീക്ഷണങ്ങൾകൊണ്ട് വെളിവാകുന്നത്. എന്നിരുന്നാലും, രേഖകളിലുള്ള അതേ വസ്തുതകളുടെ അടിസ്ഥാനത്തിൽ, വാദി ടിയാളുടെ കേസ് സ്ഥാപിക്കുന്നതിൽ പരാജയപ്പെട്ടുവെന്ന കൃത്യമായ നിഗമനത്തിൽ വിചാരണ കോടതി എത്തിയിരുന്നുവെന്നും, അതിനാൽ, ഈ കേസ് തള്ളിക്കളയാൻ ബാധ്യസ്ഥമാണ് എന്നതുമാണ് വസ്തുത. ഇവിടെ മുകളിൽ സൂചിപ്പിച്ചതുപോലെ, ഹൈക്കോടതി വിചാരണ കോടതിയുടെ കണ്ടെത്തലുകളെ ക്കുറിച്ച് പരാമർശിച്ചിട്ടില്ല, കൂടാതെ വിചാരണ കോടതിയുടെ ടി കണ്ടെത്തലുകളെല്ലാം നിലനിർത്താനാവില്ലാത്തതും അല്ലെങ്കിൽ ഡിക്രി മറിച്ചു വിധിക്കേണ്ടതും എന്തുകൊണ്ടാണെന്നത് അപവദിത വിധിന്യായത്തിൽ നിന്ന്

കണ്ടെത്താൻ പ്രയാസമാണ്.

11.2 അപവദിത വിധിന്യായത്തിന്റെ പ്രധാന സവിശേഷതകളും അതിലെ കാര്യമായ വീഴ്ചകളും കണക്കിലെടുത്ത ശേഷം, റിമാൻഡ് ഉത്തരവ് പുറപ്പെടുവിക്കാൻ അപ്പീൽ കോടതിയെ അധികാരപ്പെടുത്തുന്ന വ്യവസ്ഥകൾ പരിശോധിച്ചാൽ, നിലവിലെ കേസിൽ ഹൈക്കോടതിയുടെ റിമാൻഡിന് എന്തെങ്കിലും ന്യായീകരണം കണ്ടെത്താൻ പ്രയാസമാണ്. നിരീക്ഷിച്ചതുപോലെ, സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം- 23 പ്രകാരം റിമാൻഡിനുള്ള സാദ്ധ്യത വളരെ പരിമിതമാണ്, കൂടാതെ വിമർശിക്കപ്പെട്ടതായ അന്യായം ഒരു പ്രാരംഭിക വാദമുഖത്തിൻമേൽ തീർപ്പാക്കിയിട്ടില്ലാത്തതിനാൽ ആ വ്യവസ്ഥ ബാധകമല്ല. നിലവിലെ കേസിലെ റിമാൻഡ് സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം 23-എ യുമായി മാത്രമേ ബന്ധപ്പെടുത്താൻ കഴിയൂ, അത് ഉപയോഗിക്കുന്നതിന് വേണ്ട ആവശ്യകതകൾ- "അപ്പീലിൽ ഡിക്രി വിപരീതമാകുകയും പുനർവിചാരണ ആവശ്യമായി കണക്കാക്കുകയും ചെയ്യണം" എന്നതാണ്. ഇവിടെ മുകളിൽ നിരീക്ഷിച്ചതുപോലെ, എന്തുകൊണ്ട്, എന്തിന്റെ അടിസ്ഥാനത്തിലാണ് ഈ ഉത്തരവ് ഹൈക്കോടതി റദ്ദാക്കിയത് എന്നതിന് അപവദിത വിധിന്യായത്തിൽ എന്തായാലും ഒരു കാരണവും ലഭ്യമല്ല. വ്യക്തമായും, 'മറിച്ചു വിധിക്കൽ' യുക്തിസഹമായ കാരണങ്ങളെ അടിസ്ഥാനമാക്കിയുള്ളതായിരിക്കണം, അതിനായി, വിചാരണ കോടതിയിൽ നിലനിന്നിരുന്ന കാരണങ്ങൾ സൂചിപ്പിക്കുന്നതും കൈകാര്യം ചെയ്യുന്നതും ഒരു അത്യാവശ്യമായ ഘടകമാണ് . അതിനാൽ, സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം- 23-A പ്രകാരം പോലും നിലവിലെ കേസിൽ റിമാൻഡ് ന്യായീകരിക്കാനാവില്ല.

12. കക്ഷികളാരുംതന്നെ തെളിവെടുപ്പിനായി അനുമതി തേടുകയോ വിധി പ്രസ്താവിക്കുന്നതിന് ആവശ്യമായ തെളിവുകൾ എന്തൊക്കെയാണെന്ന് ഹൈക്കോടതി വ്യക്തമാക്കുകയോ ചെയ്യാത്തതിനാലും അല്ലെങ്കിൽ ഏതെങ്കിലും കാര്യമായ കാരണത്താലും, നിലവിലെ കേസിന്റെ വസ്തുതകളിലും ഹൈക്കോടതി പാസാക്കിയ ഉത്തരവിന്റെ സ്വഭാവത്തിലും , സഞ്ജയ് കുമാർ സിങ്ങിന്റെ (മേൽ പരാമർശം) കേസിലെ

ഉദ്ധരണികളും നിരീക്ഷണങ്ങളും ഒരു കാരണവശാലും ബാധകമാകില്ല. മാത്രമല്ല, ഹാജരാകാൻ ആവശ്യപ്പെട്ടതായ ഏതെങ്കിലും തെളിവ് ഹാജരാക്കാൻ വിചാരണ കോടതി വാദിയെ അനുവദിച്ചില്ലെന്ന് വാദി - 1-ാം എതിർകക്ഷി (ഹൈക്കോടതി മുമ്പാകെയുള്ള അപ്പീൽവാദി) എപ്പോഴെങ്കിലും എടുത്തു പറഞ്ഞിട്ടുണ്ടെങ്കിൽ അത് ഹൈക്കോടതിയുടെ വിധിന്യായത്തിൽ കാണുന്നില്ല. ബാധകമായ തത്ത്വങ്ങളെ സംബന്ധിച്ച് കൂടുതൽ രേഖകളോ വാക്കാലുള്ള തെളിവുകളോ ഹാജരാക്കുന്നതിനായി ഏതെങ്കിലും കക്ഷികൾ എന്തെങ്കിലും കേസ് എടുത്തിട്ടുണ്ടെങ്കിൽ അത് തെളിയിക്കപ്പെടുന്നില്ല. അതിനാൽ, ഹൈക്കോടതിയുടെ പൊതു നിരീക്ഷണങ്ങൾ ചട്ടം 27 (1) മായും പരസ്പരം ബന്ധപ്പെടുത്താൻ കഴിയില്ല. യാതൊരു കാരണവും ന്യായീകരണവുമില്ലാതെ, ഹൈക്കോടതി തെളിവിന്റെ അഭാവത്തിൽ സ്വയമേവയാണ് (ipse dixit) ഇപ്പോഴത്തെ റിമാൻഡ് ഉത്തരവ് പുറപ്പെടുവിച്ചതെന്ന് പറയുന്നതിന്, മുനിസിപ്പൽ കോർപ്പറേഷൻ, ഹൈദരാബാദ് (മേൽ പരാമർശം) - ലെ ഈ കോടതിയുടെ നിരീക്ഷണങ്ങൾ ബാധകമാക്കാൻ ഇതേ സംബന്ധിച്ചു ഞങ്ങൾ നിർബന്ധിതരാണ്.

13. 1 -ാം എതിർകക്ഷി ഫയൽ ചെയ്ത അന്യായത്തിൽ, രേഖകളിലുള്ള തെളിവുകളുടെ അടിസ്ഥാനത്തിൽ വിചാരണ കോടതി അതിന്റെ കണ്ടെത്തലുകൾ തിരിച്ചയച്ചിരുന്നുവെന്ന് ഇത് വീണ്ടും ആവർത്തിക്കുന്നു. ഈ കണ്ടെത്തലുകൾ സുസ്ഥിരമാണോ അല്ലയോ എന്നത് തികച്ചും വ്യത്യസ്തമായ ഒരു കാര്യമാണ്, ഹൈക്കോടതിക്ക് ആയത് പരിശോധിക്കാവുന്നതാണ്, പക്ഷേ സാധ്യതകളുടെ മുൻതൂക്കം സംബന്ധിച്ച് ഹൈക്കോടതിക്ക് ഒരു നിഗമനത്തിലെത്താൻ കഴിയാത്തതിനാൽ, സി. പി. സി. യിലെ ഉത്തരവ്- XLI ചട്ടം- 24 പ്രകാരം വിധിന്യായം പ്രസ്താവിക്കാതിരിക്കാൻ തക്കവിധം രേഖകളിലുള്ള തെളിവുകൾ അപര്യാപ്തമാണെന്ന് കണക്കാക്കാൻ കഴിയില്ല.

14. ഹാജരാക്കിയിട്ടില്ലാത്തതായ ഏതെങ്കിലും പ്രത്യേക തെളിവുകൾ, ഒരു കക്ഷിയുടെ നേരിട്ടുള്ള നിയന്ത്രണത്തിലും കൈവശത്തിലുമാണെന്ന്, ഏതെങ്കിലും പ്രത്യേക തെളിവുകളുടെ ആവശ്യവുമായി ബന്ധപ്പെട്ട്, കോടതി കണ്ടെത്തുകയാണെങ്കിൽ,

എവിഡൻസ് ആക്റ്റിലെ 114-ാം വകുപ്പിലെ വിശദീകരണം (ജി)[2] -ൽ വ്യക്തമാക്കിയിട്ടുള്ളതുപോലുള്ള ആവശ്യമായ അനന്തരഫലങ്ങൾ കോടതിയിൽ നിരീക്ഷിക്കാവുന്നതാണെന്ന് നമുക്ക് കാണാൻ സാധിക്കും, പക്ഷേ , ഒരു പ്രത്യേക തെളിവ് ഹാജരാക്കേണ്ടതും എന്നാൽ ഹാജരാക്കിയിട്ടില്ലാത്തതുമാണെങ്കിൽ , അപ്പീൽ കോടതിക്ക് വിഷയം റിമാൻഡ് ചെയ്യുന്ന മൃദുവായ വഴി സ്വീകരിക്കാൻ കഴിയില്ല. കേസിന്റെ മെറിറ്റിനെക്കുറിച്ച് ഞങ്ങൾ അഭിപ്രായം പറയുന്നില്ലെന്ന് നിരീക്ഷിക്കാൻ ഞങ്ങൾ തിടുക്കം കൂട്ടും. നിലവിലെ കേസിൽ, വിചാരണയ്ക്കായി അന്യായം ഡി നോവോ (തുടക്കം മുതലേ) റിമാൻഡ് ചെയ്യുക എന്നത് ഏത് വീക്ഷണ കോണിൽ നിന്നുനോക്കിയാലും ന്യായീകരിക്കാനാവില്ലെന്ന് സൂചിപ്പിക്കാൻ മാത്രമുള്ളതാണ് ഇതിലെ നിരീക്ഷണങ്ങൾ.

15. മുകളിൽ ചർച്ച ചെയ്ത കാര്യങ്ങളാൽ , വാദിക്ക് അനുകൂലമായി നിലനിന്നിരുന്ന ചില സാഹചര്യങ്ങളെക്കുറിച്ചും പ്രതികൾക്ക് അനുകൂലമായി നിലനിന്നിരുന്ന മറ്റ് ചില സാഹചര്യങ്ങളെക്കുറിച്ചും ഉള്ള ചില താൽക്കാലിക നിരീക്ഷണങ്ങളാലും, വാദി ഒരു നിർണായകമായ സാക്ഷിയാണെന്നുള്ള മറ്റൊരു നിരീക്ഷണത്താലും, വാദിയെ സ്വയം വിസ്തരിക്കുന്നതിനോ മറ്റേതെങ്കിലും തെളിവുകൾ ഹാജരാക്കുന്നതിനോ തടസ്സം നേരിട്ടിട്ടുണ്ടോ എന്നറിയാതെ, ഏത് കാരണത്താലാണ് ഡിക്രി മറിച്ചു വിധിച്ചതെന്ന് വിശദീകരിക്കാതെ, ഒരു കണ്ടെത്തലും രേഖപ്പെടുത്താതെ, കേസ്, വിചാരണയ്ക്കായി ഡി നോവോ (തുടക്കം മുതലേ) ഹൈക്കോടതി റിമാൻഡ് ചെയ്തത് ന്യായമല്ല എന്ന് ചുരുക്കി പറഞ്ഞാൽ മതിയാവും .

16. അതനുസരിച്ച്, മുകളിൽ പറഞ്ഞവ കണക്കിലെടുത്ത്, ഈ അപ്പീൽ വിജയിക്കുകയും അനുവദിക്കുകയും ചെയ്യുന്നു. 2014 ലെ RFA നമ്പർ 247 (2012 ലെ OS നമ്പർ 293 മായി

---

2. എവിഡൻസ് ആക്റ്റിലെ 114-)O വകുപ്പിലെ വിശദീകരണം (ജി) താഴെ പറയും പ്രകാരം വായിക്കുന്നു:-

****

(ജി) ഹാജരാക്കപ്പെടാവുന്നതും ഹാജരാക്കിയിട്ടില്ലാത്തതുമായ തെളിവുകൾ ഹാജരാക്കിയാൽ, അത് തടഞ്ഞുവയ്ക്കുന്ന വ്യക്തിക്ക് പ്രതികൂലമായിരിക്കും; -എന്ന് കോടതിക്ക് അനുമാനിക്കാം"

****

ബന്ധപ്പെട്ടത്) നെ സംബന്ധിച്ചിടത്തോളം, 28.06.2019 തീയതിയിലെ അപവദിത വിധിന്യായവും ഉത്തരവും റദ്ദാക്കുന്നു. പ്രസ്തുത അപ്പീൽ ഹൈക്കോടതിയുടെ നിയമാനുസൃത പുനർപരിഗണനയ്ക്കായി പുനഃസ്ഥാപിക്കുന്നു. കക്ഷികൾക്ക് അതത് അഭിഭാഷകർ മുഖേന 20.03.2023-ന് ഹൈക്കോടതിയിൽ ഹാജരാകാം / ഹാജരാകണം

17. ടി സാഹചര്യങ്ങൾ കണക്കിലെടുത്ത്, നിലവിലെ അപ്പീലിലെ ചിലവുകൾ സംബന്ധിച്ച് ഉത്തരവുണ്ടാകുന്നതല്ല.

.....ജ.

(ദിനേശ് മഹേശ്വരി)

.....ജ.

(സുധാൻഷു ധൂലിയ)

ന്യൂ ഡൽഹി;

2023 ഫെബ്രുവരി 27.

Translated by: Annet Silvia Aruja (Translator, HG)

Dhanya K (Translator, HG)

Vidhya P V (Translator, HG)

Verified by: Assainar A (Head Translator)

ബാദ്ധ്യതാ നിരാകരണം: പ്രാദേശിക ഭാഷയിൽ വിവർത്തനം ചെയ്ത വിധിന്യായം വ്യവഹാരിയുടെ ഭാഷയിൽ മനസ്സിലാക്കുന്നതിനുള്ള നിയന്ത്രിത ഉപയോഗത്തെ ഉദ്ദേശിച്ചിട്ടുള്ളതാണ്; മറ്റേതെങ്കിലും ആവശ്യങ്ങൾക്കായി അത് ഉപയോഗിക്കാവുന്നതല്ല. എല്ലാവിധ പ്രായോഗികവും ഔദ്യോഗികവുമായ ആവശ്യങ്ങൾക്ക് വിധിന്യായങ്ങളുടെ ഇംഗ്ലീഷ് പതിപ്പാണ് ആധികാരികം, അത് എല്ലാ ആവശ്യങ്ങളും നടപ്പാക്കുന്നതിനും നടപ്പിലാക്കുന്നതിനും ആധികാരികമായി തുടരുകയും ചെയ്യുന്നതാണ്.